II. ചരമോപചാരം

കണിയാപുരം രാമചന്ദ്രൻ, രാഘവൻ പൊഴക്കടവിൽ, ഇബ്രാഹിം സുലൈമാൻ സേട്ട് എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: കേരള നിയമസഭാംഗങ്ങളായിരുന്ന കണിയാപുരം രാമചന്ദ്രൻ, രാഘവൻ പൊഴക്കടവിൽ, മുൻ പാർലമെന്റ് അംഗവും ഐ.എൻ.എൽ. സ്ഥാപക നേതാവുമായിരുന്ന ഇബ്രാഹിം സുലൈമാൻ സേട്ട് എന്നിവർ അടുത്തകാലത്ത് നിര്യാതരായി. എൻ. രാഘവൻ പിള്ളയുടെയും പൊന്നമ്മയുടെയും മകനായി 1938 ആഗസ്റ്റ് 5-ന് ജനിച്ച കണിയാപുരം രാമചന്ദ്രൻ തിരുവനന്തപുരം ആർട്സ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം ചെയ്തു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയശേഷം സോഫിയാ സർവ്വകലാശാലയിൽ നിന്നും ബൾഗേറിയൻ ഭാഷയിലും സാഹിത്യത്തിലും ബിരുദമെടുത്തു. വിദ്യാർത്ഥിയായിരിക്കെ സ്റ്റുഡൻസ് ഫെഡറേഷൻ പ്രവർത്തകനായി രാഷ്ട്രീയരംഗത്തേക്കു കടന്നുവന്ന രാമചന്ദ്രൻ 1958-ൽ സി.പി.ഐ.യിൽ അംഗമായി. സജീവ രാഷ്ട്രീയത്തിൽ നിലയുറപ്പിച്ച അദ്ദേഹം എ.ഐ.എസ്.എഫിന്റെ വൈസ് പ്രസിഡന്റ്, അഖിലേന്ത്യാ യുവജന ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്, സി.പി.ഐ. ദേശീയ കൗൺസിൽ അംഗം എന്നീ പദവികൾ വഹിച്ചു. 1977 മുതൽ 79 വരെ നെടുമങ്ങാട് മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായി. പരിമിതമായ ഒരു കാലഘട്ടത്തിൽ മാത്രമേ അദ്ദേഹത്തിനു നിയമസഭാംഗമായി പ്രവർത്തിക്കുവാൻ അവസരം ലഭിച്ചിരുന്നുള്ളുവെങ്കിലും ഇക്കാലത്തെ അനുഭവസമ്പത്ത് അദ്ദേഹത്തിന്റെ പിൽക്കാല ജീവിതത്തിന് മുതൽക്കൂട്ടായി. പൊതുപ്രവർത്തനത്തോടൊപ്പം സാഹിത്യത്തിലും ശ്രദ്ധയൂന്നിയ കണിയാപുരം സർഗ്ഗരചനയിലൂടെ ജനഹൃദയങ്ങൾ കവർന്നു. സാമൂഹ്യവ്യവസ്ഥിതിയുടെ പരിവർത്തനത്തിനായി യാഥാസ്ഥിതിക നിലപാടുകൾക്കെതിരെ രൂക്ഷമായി പ്രതികരിച്ച അദ്ദേഹത്തിന്റെ നാടകങ്ങൾ പ്രൊഫഷണൽ നാടകരംഗത്ത് വൻചലനങ്ങൾ സൃഷ്ടിച്ചു. നാടക പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 1988-ൽ മികച്ച നാടകരചനയ്ക്കുള്ള സംസ്ഥാന അവാർഡ് അദ്ദേഹത്തിനു ലഭിച്ചു. സർഗ്ഗധനനായിരുന്ന കണിയാപുരം തിരക്കഥയും സിനിമാഗാനങ്ങളും എഴുതി. സാഹിത്യ അക്കാഡമിയിലും ചലച്ചിത്ര അക്കാഡമിയിലും അദ്ദേഹം അംഗമായിരുന്നു. ഉജ്ജ്വല രാഷ്ട്രീയ പ്രഭാഷണങ്ങളും മൂർച്ചയേറിയ വിമർശനങ്ങളുമായി സാമൂഹ്യപ്രശ്നങ്ങളെ വിശകലനം ചെയ്ത കണിയാപുരം വാഗ്മി, വിമർശകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ ചിരപ്രതിഷ്ഠ നേടി. വിശ്വകേരളം, വിശ്വരേഖ, ജനയുഗം ദിനപത്രം എന്നിവയുടെ പത്രാധിപസമിതിയംഗവും ജനയുഗം വാരികയുടെ പത്രാധിപരും ആയി പ്രവർത്തിച്ച കണിയാപുരം അന്ത്യംവരെയും ആനുകാലികങ്ങളിൽ ഒട്ടേറെ ലേഖനങ്ങൾ എഴുതിയിരുന്നു. രാഷ്ട്രീയനേതാവ്, സാഹിത്യകാരൻ, വിമർശകൻ, പത്രപ്രവർത്തകൻ, നാടകകൃത്ത്, ഗാനരചയിതാവ്, ഉജ്ജ്വല പ്രാസംഗികൻ തുടങ്ങി വിവിധ രംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച് കേരളത്തിന്റെ രാഷ്ട്രീയ-സാംസ്കാരികജീവിതത്തിൽ സജീവ

9.30 AM]

LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യമായിരുന്ന ഒരു പൊതുപ്രവർത്തകനെയാണ് കണിയാപുരം രാമചന്ദ്രന്റെ നിര്യാണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

കഴിവുറ്റ കോൺഗ്രസ്സ് നേതാവും മികച്ച തൊഴിലാളി സംഘടനാപ്രവർത്തകനുമായ രാഘവൻ പൊഴക്കടവിൽ 1926 ജനുവരി 27-ന് കാറളത്ത് ജനിച്ചു. സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസാനന്തരം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളിൽ ആകൃഷ്ടനായ രാഘവൻ പൊഴക്കടവിൽ ഒരു വോളന്റിയർ സേന രൂപീകരിച്ച് കാറളം ആലുംപറമ്പ് മൈതാനിയിൽ 1947 ആഗസ്റ്റ് 15-ന് അർദ്ധരാത്രി ദേശീയ പതാക ഉയർത്തി രാഷ്ട്രീയരംഗപ്രവേശം നടത്തി. സ്വാതന്ത്ര്യാനന്തരം കാറളത്തെ ആദ്യകോൺഗ്രസ് സെക്രട്ടറിയായ അദ്ദേഹം ഇരിങ്ങാലക്കുട ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, തൃശ്ശൂർ ഡി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചു. അഞ്ചു പതിറ്റാണ്ടിലേറെ നീണ്ട സജീവ പൊതുപ്രവർത്തനത്തിനിടയിൽ ട്രേഡ് യൂണിയൻ മേഖലയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന കർമ്മ മണ്ഡലം. ഐ.എൻ.ടി.യു.സി. ജില്ലാ പ്രസിഡന്റ്, സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കർഷകതൊഴിലാളി ഫെഡറേഷൻ വൈസ് പ്രസിഡന്റ്, ടോഡി ടാപ്പേഴ്സ് സ്റ്റേറ്റ് കമ്മിറ്റി വൈസ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളും ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സ്ഥാനവും അലങ്കരിച്ചിരുന്നു. പ്ലാന്റേഷൻ എംപ്ലോയീസ് യൂണിയൻ, ടെക്സ്റ്റൈയിൽസ് എംപ്ലോയീസ് യൂണിയൻ, ഹോസ്പിറ്റൽ എംപ്ലോയീസ് യൂണിയൻ തുടങ്ങി നൂറിലധികം തൊഴിലാളി സംഘടനകളുടെ പ്രസിഡന്റ് സ്ഥാനം വഹിച്ച രാഘവൻ പൊഴക്കടവിൽ തൊഴിലാളികൾക്ക് ഏറെ പ്രിയങ്കരനായ നേതാവായിരുന്നു. അസംഘടിത തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി തൊഴിലാളി സംഘടനകളെ ശക്തമാക്കുന്നതിന് അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലമാണ്. ചെത്തു തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി നിയമസഭ പാസ്സാക്കിയത് അദ്ദേഹം ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനായിരിക്കെയാണെന്ന വസ്തുത ചെയർ അനുസ്മരിക്കുന്നു. മല്ലൂർ മണ്ഡലത്തിൽനിന്നും 1960-ലും 1982-ലും നിയമസഭാംഗമായ രാഘവൻ പൊഴക്കടവിൽ ജനകീയ താൽപ്പര്യം സംരക്ഷിക്കുവാനും സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സഭാവേദിയെ ഫലപ്രദമായി വിനിയോഗിച്ചു. 1984-86, 1986-87 കാലഘട്ടത്തിൽ നിയമസഭയുടെ ഹൗസ് കമ്മിറ്റി ചെയർമാനായിരുന്ന രാഘവൻ പൊഴക്കടവിൽ സഭാസമിതിയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. രാഷ്ട്രീയരംഗത്ത് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നതോടൊപ്പം സാംസ്കാരിക രംഗങ്ങളിലും അദ്ദേഹം തന്റെ സാന്നിദ്ധ്യം ഉറപ്പാക്കി. സൗമ്യനായ രാഘവൻ പൊഴക്കടവിൽ സമന്വയത്തിന്റെ പന്ഥാവിലൂടെ അണികൾക്ക് സമർത്ഥമായി നേതൃത്വം നൽകി. തൊഴിലാളികളുടെ ഉന്നമനത്തിനായി സദാ വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിച്ച രാഘവൻ പൊഴക്കടവിലിന്റെ നിര്യാണം പ്രസ്ഥാനത്തിനും വിശിഷ്യ തൊഴിലാളി പ്രസ്ഥാനങ്ങൾക്കും കനത്ത ആഘാതമാണ് ഏൽപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ-തലശ്ശേരി സൈനബ ബായിയുടെയും മൈസൂർ നിവാസിയായിരുന്ന മുഹമ്മദ് സുലൈമാൻ സേട്ടിന്റെയും മകനായി 1922-ൽ മൈസൂറിൽ ജനിച്ച ഇബ്രാഹിം സുലൈമാൻ സേട്ട് വിദ്യാഭ്യാസാനന്തരം മൈസൂറിൽ ഇംഗ്ലീഷ് ലക്ചററായി സേവനം അനുഷ്ഠിച്ചു. സേട്ട് വൈകാതെ ഉദ്യോഗം ഉപേക്ഷിച്ച് സജീവ രാഷ്ട്രീയരംഗത്തെത്തി. 1948-ൽ മുസ്ലീംലീഗ് മൈസൂർ സിറ്റി ജനറൽ സെക്രട്ടറിയായ സേട്ടിന് എന്നും രാഷ്ട്രീയ തട്ടകം കേരളമായിരുന്നു. 1960-ൽ രാജ്യസഭാംഗമായി. ദീർഘകാലം മുസ്ലീംലീഗ് അഖിലേന്ത്യാ പ്രസിഡന്റായി പ്രവർത്തിച്ചു. 1967-ൽ കോഴിക്കോടുനിന്നും ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട സേട്ട് തുടർന്ന് മഞ്ചേരി, പൊന്നാനി എന്നീ മണ്ഡലങ്ങളിൽ നിന്ന് ഏഴ് തവണ ലോകസഭാംഗമായി. ഓരോ തവണയും ഭൂരിപക്ഷത്തിലുണ്ടായ ക്രമാതീതമായ വർദ്ധന അദ്ദേഹത്തിന്റെ ജനസമ്മതിയുടെ സാക്ഷ്യപത്രമാണ്. മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട പാർലമെന്ററി പ്രവർത്തനത്തിനിടയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ രാജീവ് ഗാന്ധി വരെ മാറിമാറി വന്ന പ്രധാനമന്ത്രിമാരുമായി ഇടപഴകാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി പാർലമെന്റിൽ നിരന്തരം ശബ്ദമുയർത്തിയ അദ്ദേഹം മികച്ച പാർലമെന്റേറിയനെന്ന ഖ്യാതി നേടി. ലാളിത്യമായിരുന്നു സേട്ടിന്റെ മുഖമുദ്ര. ആൾ ഇന്ത്യാ മുസ്ലീം പേഴ്സണൽ ലാ ബോർഡ് അംഗം, കേരള വഖഫ് ബോർഡ് ചെയർമാൻ, ബാബറി മസ്ജിദ് കോ-ഓർഡിനേഷൻ കമ്മിറ്റി അംഗം കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം, സെൻട്രൽ ഹജ്ജ് അഡ്വൈസറി ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം ഒട്ടേറെ മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റികളുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ആജീവനാന്തം ആദർശനിഷ്ഠ കൈമുതലാക്കിയിരുന്ന സേട്ട് ന്യൂനപക്ഷാവകാശങ്ങളുടെ കാര്യത്തിൽ ഒരിക്കലും ഒത്തുതീർപ്പിന് തയ്യാറായിരുന്നില്ല. കർമ്മനിരതവും സംഭവബഹുലവുമായ രാഷ്ട്രീയജീവിതത്തിനുടമയായിരുന്ന ഇബ്രാഹിം സുലൈമാൻ സേട്ടിന്റെ നിര്യാണത്തോടെ ദേശീയ രാഷ്ട്രീയത്തിൽ തിളങ്ങിനിന്ന മുതിർന്ന നേതാക്കളുടെ നിരയിൽനിന്ന് ഒരംഗത്തെക്കൂടിയാണ് നമുക്ക് നഷ്ടമായിമിക്കുന്നത്. അന്തരിച്ച മഹദ്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പനേരം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

III. അറിയിപ്പ്

ശ്രീ. വി. സി. കബീർ നിയമസഭാംഗത്വം രാജിവച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: ഒറ്റപ്പാലം നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. വി.സി. കബീർ 2005 ആഗസ്റ്റ് മാസം 11-ാം തീയതി മുതൽ കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജിവച്ച

LIBRARY ARCHIVES Kerala Legislative Assembly